GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

28-06-2021

# കാർഷികവാർത്തകൾ

1. **സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി** പ്രകാരം ജില്ലയിലെ എല്ലാ കർഷകരുടെയും വിളകൾ ഇൻഷൂർ ചെയ്യാവുന്നതാണ്. ആയതിനായി അതാത് കൃഷിഭവനുമായി ബന്ധപെടേണ്ടതാണ്.

2. **അറിയിപ്പ്**

വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

**ഓൺലൈൻ പരിശീലനങ്ങൾ**

3. **ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ** നേതൃത്വത്തിൽ നാളെ (29.6.2021) രാവിലെ 11 മണി മുതൽ "ശുദ്ധമായ പാലുത്പാദനം" എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നൽകുന്നതാണ്. 9947775978 എന്ന വാട്സ് ആപ് നമ്പറിലേക്ക് പേരും മേൽ വിലാസവും അയച്ചു നൽകി പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **04762698550**

4. **തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ്** ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (29.06.2021) താറാവ് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

5. **സംരഭകത്വ വികസന പദ്ധതിയുടെ ഭാഗമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ്** ബോർഡിന്റെ സഹകരണത്തോടെ സെൻട്രൽ ഹാച്ചറിയിൽ വച്ച് **ആദായകരമായ പാലുൽപാദനം, ആട് പരിപാലനം, പന്നി പരിപാലനം, ഫാം മാനേജ്മെന്റ്, ഡയറി പ്രോഡക്ട്സ്** തുടങ്ങിയ വിഷയങ്ങളിൽ കോവിഡ് നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് കർഷകർക്ക് റസിഡൻഷ്യൽ പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 30-ന് മുമ്പായി **9188522703** എന്ന നമ്പറിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. **തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്ര**ത്തിൽ ഈ മാസം 30-ന് രാവിലെ 11 മണിമുതൽ **ഫാം ലൈസൻസിംഗ്** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇന്ന് (28-6-2021) വൈകുന്നേരം 5 മണിക്ക് മുമ്പായി dtctvm99@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ പേര്, മേൽവിലാസം, വാട്ട്സ്ആപ്പ് നമ്പർ എന്നിവ അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. **04712440911, 9446559818**

7. **ഫിഷറീസ് വകുപ്പ് ജലകൃഷി വികസന ഏജൻസി**യുടെ എരഞ്ഞോളി ഫിഷ് ഫാമിൽ പൂമീൻ കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായതായി ഫിഷറീസ് അസി. ഡയറക്ടർ അറിയിച്ചു. താത്പര്യമുള്ളവർ **0490 2354073** എന്ന നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യാം. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകീട്ട് അഞ്ച് വരെ വിൽപനയുണ്ടാകും .

8. കാർഷികസർവകലാശാലയുടെ **വിളപരിപാലന നിർദ്ദേശങ്ങൾ**

- മഴക്കാലത്ത് ഇഞ്ചിയിലും മഞ്ഞളിലും മൂടുചീയൽ രോഗം വ്യാപിക്കാതിരിക്കാൻ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുകയോ തടത്തിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- നെല്ല് വിതച്ച് അല്ലെങ്കിൽ നട്ട് 20 ദിവസം കഴിഞ്ഞ സ്ഥലങ്ങളിൽ മുത്തങ്ങ വർഗത്തിൽ പെട്ട കളകളെയും വിസ്തൃതപത്ര കളകളെയും നിയന്ത്രിക്കുന്നതിനായി അൽമിക്സ് 20 ശതമാനം എന്ന കളനാശിനി 300 ലിറ്റർ വെള്ളത്തിൽ 20 ഗ്രാം എന്ന തോതിൽ നേർപ്പിച്ച് ഒരു ഹെക്ടറിലേക്ക് ഉപയോഗിക്കാവുന്നതാണ്.

9. **വെറ്ററിനറി സർവകലാശാലയുടെ മൃഗ പരിപാലന നിർദ്ദേശങ്ങൾ**

കേരളത്തിലെ മുയലുകളിൽ കാണുന്ന ഒരു പ്രധാനരോഗമാണ് രക്താതിസാരം. കോക്സീഡിയ ബാധ മുയലുകളുടെ പലപ്പോഴും കൂട്ടത്തോടെയുള്ള മരണകരണമാകാറുണ്ട്. ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയുമാണ് രോഗാണു ശരീരത്തിലെത്തുന്നത് എന്നതു കൊണ്ട് വൃത്തിയുള്ള പാരിപാലനവും വെള്ളവും അത്യാവശ്യമാണ്. രോഗപ്രതിരോധത്തിനായി അമ്മയെ കൂട്ടിൽ നിന്നും മാറ്റുന്നതിനു മൂന്ന് ദിവസം മുമ്പുതന്നെ സൂപ്പർകോക്സ് മുതലായ മരുന്നുകൾ കുടിക്കുന്ന ജലത്തിൽ നൽകാവുന്നതാണ്. മുയലുകൾക്കു സ്വയം വെള്ളം കുടിക്കാവുന്ന സംവിധാനം കൂടുകളിൽ ഉണ്ടാക്കുന്നത് നല്ലതാണ്. മുയൽകൂടുകൾ വൃത്തിയാക്കുന്നതും രോഗം വരാതിരിക്കുവാൻ സഹായിക്കും.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**